# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5014** **14.11.2019-ൽ മറുപടിയ്ക്ക്**

**തഴക്കര, തെക്കേക്കര ഗ്രാമപഞ്ചായത്തുകളിലെ റോഡുകൾക്ക് അനുമതി**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ മന്ദാലിൻക്ഷേത്രം - നിരവിനാൽ റോഡ്, തെക്കേക്കര ഗ്രാമപഞ്ചായത്തിലെ മാലിവേൽ എൽ.പി.എസ്-കുന്നേൽ ജംഗ്ഷൻ റോഡ് എന്നിവയുടെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും വിശദമാക്കുമോ;<br><br>ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ഭരണ-സാങ്കേതികാനുമതിക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | എ)<br>&<br>ബി) | മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ മന്ദാലിൽ ക്ഷേത്രം-നിരവിനാൽ റോഡ് പ്രവൃത്തിയ്ക്ക് 01/11/19 ൽ 101.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തെക്കേക്കര ഗ്രാമപഞ്ചായത്തിലെ മാലിവേൽ എൽ.പി.എസ് - കുന്നേൽ ജംഗ്ഷൻ റോഡു പ്രവൃത്തിയുടെ 63.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ആഫീസർ**